366 (1559) വിസ്തൃതിനിർണ്ണയം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെയും ഇരിക്കുളം പഞ്ചായത്തിലെയും വിസ്തൃതിനിർണ്ണയം പൂർത്തിയാക്കാൻ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വിസ്തൃതിനിർണ്ണയം എപ്പോൾ പൂർത്തിയാക്കാൻ കഴിയും;

(സി) പ്രസ്തുത മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തിന്റെയും വിസ്തൃതി എങ്ങനെയാണ് പുനർനിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഇരിക്കുളം ഗ്രാമപഞ്ചായത്തിലെ മൂന്ന് വാർഡുകൾ ഉൾപ്പെടുന്ന ഇടേരിദേശം കൊയിലാണ്ടി മുനിസിപ്പാലിറ്റിയോട് 1.10.2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കൂട്ടിച്ചേർത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

367 (1560) അനധികൃതമായി മരംമുറിക്കൽ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ മുണ്ടക്കയം പഞ്ചായത്തിലെ പുല്ലകയാർ ആറ്റുപുറംപോക്കിൽനിന്നും പതിനായിരക്കണക്കിന് രൂപ വിലയുള്ള പഞ്ചായത്ത് വക ഇലവു തടി അനധികൃതമായി വെട്ടിക്കൊണ്ടു പോയതിന് എതിരെ പഞ്ചായത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ ഇലവുതടിക്ക് ഉദ്ദേശം എത്ര രൂപ വിലവരും; ഇക്കാര്യത്തിൽ ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) പുറംപോക്കിൽ നിൽക്കുന്ന മരങ്ങൾക്ക് നമ്പർ ഇട്ടിട്ടുണ്ടോ;

(ഡി) മോഷണം പോയ ഇലവുതടി തിരികെ കിട്ടിയോ; ഇലവു തടി അനധികൃതമായി വെട്ടിയെടുത്തതായി സമ്മതിച്ച് ആരാണ് പഞ്ചായത്തിൽ എഴുതിതന്നിരിക്കുന്നത്;

(ഇ) എഴുതിതന്ന വ്യക്തിയിൽനിന്നും തടിയുടെ വിലയും നഷ്ടപരിഹാരവും ഈടാക്കാത്തത് എന്തുകൊണ്ടാണ്;

(എഫ്) തടിവില ഈടാക്കാനുള്ള നടപടി സ്വീകരിച്ചിരുന്നുവോ; ഇതിന് പോലീസിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത സ്ഥലത്ത് പോയി അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കി അനധികൃതമായി തടി വെട്ടിയ ശ്രീ. എം.റ്റി. തോമസ് മല്ലപ്പള്ളി, മുണ്ട

LIBRARY ARCHIVES Kerala Legislative Assembly